# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

അമ്പത്തിയൊന്നാമത് റിപ്പോർട്ട്

(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2023-26)**

അമ്പത്തിയൊന്നാമത് റിപ്പോർട്ട്

(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| റിപ്പോർട്ട് | : | |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

**ഘടന**

**അദ്ധ്യക്ഷൻ** :

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-2026)യുടെ അമ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ജൂൺ മാസം 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,<br>
അദ്ധ്യക്ഷൻ,<br>
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,<br>
2024 ജൂൺ 27.

## റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

**സാംസ്കാരികകാര്യ വകുപ്പ്**

ഓഡിറ്റ് ഖണ്ഡിക

**കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

**അവലോകന റിപ്പോർട്ട്**

**ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതി**

ഹിന്ദിയിലും മറ്റ് ആധുനിക ഇന്ത്യൻ ഭാഷകളിലും ശാസ്ത്രസാങ്കേതിക പദങ്ങൾ ഉൾക്കൊള്ളിച്ച് നിഘണ്ടുക്കൾ, പദകോശങ്ങൾ, നിർവ്വചന നിഘണ്ടുകൾ, വിജ്ഞാനകോശങ്ങൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ മാനവശേഷി വികസന മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക പദാവലി കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് (CSTT - Commission for Scientific and Technical Terminology). ഇതിന്റെ ഭാഗമായി 2009-10, 2010-11 കാലയളവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (സിൽ) മുഖേന വിവിധ വിഷയങ്ങളിലുള്ള ഇംഗ്ലീഷ്-മലയാളം-ഹിന്ദി ത്രിഭാഷാ നിഘണ്ടുവും നിർവ്വചന നിഘണ്ടുവും തയ്യാറാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സി.എസ്.റ്റി.റ്റി.യും തമ്മിൽ 03.07.2009-ൽ കരാറിലേർപ്പെട്ടു. പ്രസ്തുത പദകോശങ്ങളുടെ നിർമ്മാണപദ്ധതി ഓഡിറ്റ് അവലോകനം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2009-10 വർഷത്തിലാണ് ആദ്യമായി ഈ പദ്ധതി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കുന്നത്. ഗ്ലോസറി നിർമ്മാണം ഘട്ടം ഘട്ടമായിട്ടാണ് നടന്നത്. ഒരു സംഘം വിദഗ്ധർ അക്കാദമിക്ക് സൂപ്പർവൈസറുടെ മേൽനോട്ടത്തിലാണ് ഗ്ലോസറി പ്രവർത്തനം നടത്തിയത്. കയ്യെഴുത്തുപ്രതി

തയ്യാറായാൽ അത് കമ്മീഷന്റെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്ത സംരംഭമായി പ്രസിദ്ധീകരിക്കുന്നു.

## 1. ഓഡിറ്റ് കണ്ടെത്തലുകൾ

### (എ) ധാരണാപത്രത്തിലെ നിബന്ധനകളും അവയുടെ ലംഘനവും

03.07.2009 ൽ ഒപ്പിട്ട ധാരണാപത്രത്തിലെ നിബന്ധനകൾ പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് തന്നെ അക്കാഡമിക്ക് സൂപ്പർവൈസറായി പ്രവർത്തിക്കാവുന്നതാണ്. ഒരേസമയം ഇൻസ്റ്റിറ്റ്യൂട്ടിനും അക്കാഡമിക്ക് സൂപ്പർവൈസർക്കും പരമാവധി 6 ഉം 3 ഉം വിഷയങ്ങൾ യഥാക്രമം കൈകാര്യം ചെയ്യാവുന്നതാണ്. എന്നാൽ 2009-10 ലും 2010-11 ലും ഇൻസ്റ്റിറ്റ്യൂട്ട് 8 വിഷയങ്ങൾ വീതം കൈകാര്യം ചെയ്തിരിക്കുന്നു. അക്കാഡമിക്ക് സൂപ്പർവൈസർക്ക് വിദഗ്ധരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ഓരോ വിഷയങ്ങളിലുമുള്ള വിദഗ്ധരെ തെരഞ്ഞെടുത്തതിന് ശേഷമുള്ള യോഗങ്ങളിൽ എല്ലാ ദിവസവും അക്കാഡമിക്ക് സൂപ്പർവൈസറുടെ മേൽനോട്ടമുണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ 2010-11 ൽ തിരുവനന്തപുരത്ത് കൈകാര്യം ചെയ്ത 5 വിഷയങ്ങളുടെയും അക്കാഡമിക്ക് സൂപ്പർവൈസർ അസി. ഡയറക്ടറായിരുന്ന ശ്രീ.മൊഹമ്മദ് മാഹീനാണ്. അതനുസരിച്ചുള്ള ഓണറേറിയവും കൈപ്പറ്റിയിട്ടുണ്ട്.

### (ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റി

2009-10, 2010-11 കാലയളവിലെ ത്രിഭാഷാ പദകോശത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ വൻതുക ഓണറേറിയമായി കൈപ്പറ്റിയിട്ടുണ്ട്. അക്കാദമിക്ക് സൂപ്പർവൈസർ, വിദഗ്ധർ, സെക്രട്ടേറിയൽ അസിസ്റ്റന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചതിനാണ് സി.എസ്.റ്റി.റ്റി.യിൽ നിന്നും ഓണറേറിയം ലഭിച്ചത്. 2009-10 കാലയളവിൽ പ്രതിദിനം 500/- രൂപ നിരക്കിലും 2010-11 കാലയളവിൽ പ്രതിദിനം 1,000/- രൂപ നിരക്കിലുമായിരുന്നു ഓണറേറിയം അനുവദിച്ചിരുന്നത്. എന്നാൽ വൻതുക കൈപ്പറ്റുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും മുൻകൂട്ടിയുള്ള അനുമതി തേടിയില്ല.

ഓണറേറിയം കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പേര് | തസ്തിക | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഡോ. പി. കെ. പോക്കർ | ഡയറക്ടർ | 34000 |
| 2 | എസ്. സുരേഷ് | അസി. ഡയറക്ടർ | 87500 |
| 3 | എ. ജി. ഒലീന | റിസർച്ച് ഓഫീസർ | 76500 |
| 4 | ഡോ. എ. മുഹമ്മദ് മാഹീൻ | അസി. ഡയറക്ടർ | 68000 |
| 5 | സി. അശോകൻ | എഡിറ്റോറിയൽ അസിസ്റ്റന്റ് | 67000 |
| 6 | ജി. ബി. ഹരീന്ദ്രനാഥ് | ടി | 46000 |
| 7 | ഡോ. ബി. സുഗീത | ടി | 66000 |
| 8 | ഡോ. ആർ. രാധാകൃഷ്ണൻ | യു.ഡി.സി | 26000 |
| 9 | എസ്. ഹരിപ്രിയ | യു.ഡി.സി | 16000 |
| 10 | കെ. സെയ്തലവി | കാഷ്യർ | 57000 |
| 11 | ദിവ്യ കെ. വി. | യു.ഡി.സി | 4000 |
| **ആകെ (രൂപ)** | | | **548000** |

**(സി) <u>സി.എസ്.റ്റി.റ്റി. ഫണ്ട് വിനിയോഗത്തിലെ അപാകതകൾ</u>**

ഗ്ലോസറി നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവുകൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്ന സി.എസ്.റ്റി.റ്റി. ഗ്രാന്റിൽ നിന്നോ (സർവ്വകലാശാല തലത്തിലുള്ള പുസ്തകങ്ങൾ നിർമ്മിക്കുന്നതിന്) ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടിൽ നിന്നോ ചെലവാക്കിയതിനു ശേഷം കമ്മീഷൻ ആയത് റീഇംബേഴ്സ് ചെയ്തു നൽകുമെന്നതാണ് ധാരണാപത്രത്തിലെ നിബന്ധന. 2009-10 വർഷത്തിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് ആറു ഘട്ടങ്ങളിലായും, കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിൽ വച്ച് അഞ്ച് ഘട്ടങ്ങളിലായുമാണ് ഗ്ലോസറി നിർമ്മാണം നടന്നിരുന്നത്. ആകെ 8 വിഷയങ്ങളിൽ നടന്ന ഗ്ലോസറി പ്രവർത്തനത്തിനായി 30,21,451/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2010-11 കാലയളവിൽ തിരുവനന്തപുരത്ത് ആറ്

ഘട്ടങ്ങളിലായും കോഴിക്കോട് ഏഴ് ഘട്ടങ്ങളിലായും ആകെ 8 വിഷയങ്ങളിൽ ഗ്ലോസറി നിർമ്മാണ പ്രവർത്തനം നടന്നു. ഇതിനായി ആകെ 71,71,147/- രൂപ ചെലവായി. സി.എസ്.റ്റി.റ്റി.യിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചിട്ടുള്ള ആകെ വരവ് 1,00,82,606/- രൂപയാണ്. 2009-10 ലെ ചെലവ് 30,21,451/- രൂപയും 2010-11 ലെ ചെലവ് 71,71,147/- രൂപയും ഉൾപ്പെടെ ആകെ ചെലവ് 1,01,92,598/- രൂപയാണ്.

ഗ്ലോസറി പ്രവർത്തനവുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾസിലെ ചട്ടം 10 പ്രകാരം കേന്ദ്ര ധനസഹായം പ്രത്യേകം അക്കൗണ്ട് ചെയ്യപ്പെടേണ്ടതാണ്. സ്പെഷ്യൽ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ ചട്ടം 38-ൽ അനുശാസിക്കും പ്രകാരം അപ്രോപ്രിയേഷൻ രജിസ്റ്ററിൽ (AF No.20) എഴുതി സൂക്ഷിക്കേണ്ടതാണ്. ഗ്ലോസറി പ്രവർത്തനത്തിനുള്ള ചെലവ് തുക മുഴുവനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് ആധാരമായ വൗച്ചറുകളൊന്നും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറോ ഫിനാൻഷ്യൽ അസിസ്റ്റന്റോ കണ്ടിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിന്റെ ഡ്രോയിംഗ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണെന്നിരിക്കെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അഭിപ്രായം തേടാതിരുന്നതും, സാമ്പത്തിക കാര്യങ്ങളിൽ ഫിനാൻഷ്യൽ അസിസ്റ്റന്റിന്റെ ഉപദേശം തേടാത്തതും ഗുരുതരമായ വീഴ്ചയാണ്.

**(ഡി) <u>ഗ്ലോസറികൾ സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച</u>**

സി.എസ്.റ്റി.റ്റി. യുമായി ഇൻസ്റ്റിറ്റ്യൂട്ട് ഒപ്പിട്ട ധാരണാപത്രത്തിലെ നിബന്ധന പ്രകാരം പുറത്തിറക്കുന്ന പ്രസിദ്ധീകരണത്തിന്റെ പകർപ്പവകാശം കമ്മീഷനും ഇൻസ്റ്റിറ്റ്യൂട്ടിനും കൂടിയാണ്. നിബന്ധന 8 പ്രകാരം ഗ്ലോസറികളുടെ വില ഇൻസ്റ്റിറ്റ്യൂട്ടിന് തന്നെ നിശ്ചയിക്കാവുന്നതാണ്. സിൽ ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾസിലെ ചട്ടം 70 പ്രകാരമാണ് ഡയറക്ടർ വില നിശ്ചയിക്കുന്നത്.

2009-10 വർഷം ഗ്ലോസറി പ്രവർത്തനം നടന്ന വിഷയങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | തിരുവനന്തപുരം | ക്രമ നം. | കോഴിക്കോട് |
|---|---|---|---|
| 1 | ഭൗതികശാസ്ത്രം | 1 | ചരിത്രം |
| 2 | രസതന്ത്രം | 2 | തത്വചിന്ത |
| 3 | സസ്യശാസ്ത്രം | 3 | ജേർണലിസം |
| 4 | ജന്തുശാസ്ത്രം | | |
| 5 | മൃഗപരിചരണം | | |

2010-11 വർഷം ഗ്ലോസറി പ്രവർത്തനം നടന്ന വിഷയങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | തിരുവനന്തപുരം | ക്രമ നം. | കോഴിക്കോട് |
|---|---|---|---|
| 1 | ഇക്കണോമിക്സ് | 1 | നിയമം |
| 2 | ജ്യോഗ്രഫി | 2 | പൊളിറ്റിക്കൽ സയൻസ് |
| 3 | അഗ്രികൾച്ചർ | 3 | കൾച്ചറൽ സ്റ്റഡീസ് (Definition Dictionary) |
| 4 | ജിയോളജി | | |
| 5 | ഫിലോസഫി (Definition Dictionary) | | |

2009-10 ൽ തയ്യാറാക്കിയ ഗ്ലോസറികൾ എല്ലാം പുറത്തിറക്കിയിട്ടുണ്ട്. 2010-11 ൽ പൂർത്തിയായ ഗ്ലോസറികളിൽ 2 എണ്ണം ഒഴികെ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. രണ്ടു സാമ്പത്തിക വർഷം പിന്നിടുമ്പോഴും ബാക്കി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാത്തത് സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നു.

## (ഇ) <u>ഗ്ലോസറികളുടെ സ്റ്റോക്ക്, വിറ്റുവരവ്, വിൽപ്പന നിലവാരം</u>

ത്രിഭാഷാ പദകോശങ്ങളുടെ 1100 കോപ്പികൾ വീതമാണ് പ്രിന്റ് ചെയ്തിട്ടുള്ളത് (100 കോംപ്ലിമെന്ററി). ഇവയെല്ലാം മെയിൻ ഗോഡൗണിലെ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടുണ്ട്. ഗ്ലോസറിയുടെ വിറ്റുവരവ് തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. 1100 കോപ്പികൾ വീതം അച്ചടിച്ച ഗ്ലോസറികൾക്ക് നല്ല വിൽപ്പനയുള്ളതായി കാണുന്നു. 16.02.2013-ൽ നടത്തിയ സ്റ്റോക്ക് രജിസ്റ്റർ

പരിശോധനയിൽ അവശേഷിക്കുന്ന ഗ്ലോസറികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| സിൽ നം. | ത്രിഭാഷാ പദകോശം | സ്റ്റോക്കിൽ അവശേഷിക്കുന്ന എണ്ണം |
|---|---|---|
| 2547 | ജന്തുശാസ്ത്രം | 211 |
| 2549 | രസതന്ത്രം | 229 |
| 2553 | മാധ്യമ പഠനം | 43 |
| 2554 | മൃഗസംരക്ഷണം | 249 |
| 2555 | സസ്യശാസ്ത്രം | 221 |
| 2558 | ഭൗതിക ശാസ്ത്രം | 284 |
| 2583 | ചരിത്രം | 161 |
| 2589 | തത്വചിന്ത | 117 |
| 2608 | രാഷ്ട്രതന്ത്രം | 235 |
| 2612 | നിയമം | 3 |

## 2. ഓഡിറ്റ് നിഗമനങ്ങൾ

- ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും ത്രിഭാഷാ പദകോശത്തിനായി നടത്തിയ ചെലവുകൾക്ക് കൃത്യമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.
- അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ അഭിപ്രായം ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതിയുടെ ഒരു ഘട്ടത്തിലും തേടിയില്ല.
- സി.എസ്.റ്റി.റ്റി. യിൽ നിന്നുമുള്ള വരവ്-ചെലവ് കണക്കുകൾ പ്രത്യേകം അക്കൗണ്ട് ചെയ്തിട്ടില്ല.
- പദകോശങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വരുത്തുന്നത് ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമുണ്ടാക്കുന്നു.

## 3. ഓഡിറ്റ് ശിപാർശകൾ

- പ്രത്യേക പദ്ധതികൾക്കായി അനുവദിക്കുന്ന ധനസഹായത്തിന്റെ വരവ്-ചെലവ് കണക്കുകൾ കൃത്യമായി രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടായ റിവോൾവിംഗ് ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി പാസ്സാക്കേണ്ടതാണ്.

- സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബാക്കി ത്രിഭാഷാ പദകോശങ്ങളും പ്രസിദ്ധീകരിക്കേണ്ടതാണ്.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഇക്കണോമിക്സ്, ഫിലോസഫി എന്നീ വിഷയങ്ങളിലെ ഗ്ലോസറികൾ നാളിതുവരെ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടില്ലെന്നതും ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റിയെന്നതും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പരാമർശങ്ങളെന്നും ത്രിഭാഷാ പദകോശനിർമ്മാണത്തിൽ വന്ന അപാകതകളാണ് പ്രധാനമായും പറഞ്ഞിട്ടുള്ളതെന്നും ഓരോ ഇനത്തിനും മറുപടി തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

**(എ) ധാരണാപത്രത്തിലെ നിബന്ധനകളും അവയുടെ ലംഘനവും**

2. പ്രസ്തുത പരാമർശം സംബന്ധിച്ച് പദകോശനിർമ്മാണത്തിന് വിദഗ്ധരെ തിരഞ്ഞെടുക്കാനുള്ള അധികാരം അക്കാദമിക് സൂപ്പർവൈസർമാർക്കാണെന്നും അസിസ്റ്റന്റ് ഡയറക്ടറായി ഡെപ്യൂട്ടേഷനിൽ വന്ന ഡോ. മുഹമ്മദ് മാഹീനായിരുന്നു അന്ന് അക്കാദമിക് സൂപ്പർവൈസറായി ജോലി ചെയ്തിരുന്നതെന്നും ഡയറക്ടർക്ക് ദൈനംദിന കാര്യങ്ങൾ ചെയ്യാനുള്ളതിനാലാണ് അസിസ്റ്റന്റ് ഡയറക്ടർക്ക് ചുമതല നൽകിയതെന്നും അങ്ങനെ ചെയ്യാമെന്ന് കരാറിലും ഉണ്ടായിരുന്നുവെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

3. ശ്രീ. മുഹമ്മദ് മാഹീൻ കോഴിക്കോട് സർവ്വകലാശാലയിൽ ചരിത്ര വിഭാഗം പ്രൊഫസറും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ തന്നെ ഒരു ഉദ്യോഗസ്ഥനുമായതിനാൽ പ്രസ്തുത വിഷയത്തിൽ പ്രശ്നമുണ്ടെന്ന് തോന്നുന്നില്ലെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ബോധിപ്പിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**(ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക് ഓണറേറിയമായി കൈപ്പറ്റി**

4. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇൻസ്റ്റിറ്റ്യൂട്ടിലെ കുറച്ച് ജീവനക്കാരെ മാത്രമാണ് പദവിജ്ഞാനകോശം നിർമ്മിക്കുന്ന ജോലിയിൽ നിയോഗിച്ചിരുന്നതെന്നും ബാക്കിയുള്ളവർ പുറത്തുനിന്നുള്ള വരായിരുന്നുവെന്നും ദൈനംദിന ജോലികൾ കൂടാതെയുള്ള അധിക ജോലിയെന്ന രീതിയിലാണ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് 2009-10 കാലയളവിൽ പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിലും 2010-11 കാലയളവിൽ പ്രതിദിനം ആയിരം രൂപ നിരക്കിലും ഓണറേറിയം നൽകിയിരുന്നതെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

5. ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരന് ഓണറേറിയം നൽകുന്നത് സർവ്വീസ് ചട്ടപ്രകാരം ശരിയല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇവർക്ക് ഓണറേറിയം നൽകിയതെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം സംബന്ധിച്ച് എ.ജി. ഓഡിറ്റ് തടസ്സമൊന്നും ഉന്നയിച്ചിരുന്നില്ലെന്നും പ്രസ്തുത പ്രവൃത്തിക്ക് സി.എസ്.ടി.ടി. അനുമതി നൽകി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

6. എ.ജി.യുടേത് റാൻഡം ഓഡിറ്റായിരുന്നതുകൊണ്ട് പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകില്ലെന്നും അതുകൊണ്ടുതന്നെ എ.ജി.യുടെ ഓഡിറ്റ് പരാമർശമുണ്ടായിട്ടില്ലെന്നുള്ളത് ന്യായീകരണമല്ലെന്നും വളരെ വലിയ തുക ശമ്പളം വാങ്ങുന്നവരാണ് ഇവിടെ ഓണറേറിയം കൈപ്പറ്റിയിരിക്കുന്നതെന്നും നിയമവിരുദ്ധമായി ഇത്തരം കാര്യങ്ങൾ ചെയ്യാനനുവദിച്ചാൽ പിന്നീടതൊരു കീഴ്‌വഴക്കമായി മാറുമെന്നും ഇങ്ങനെയുള്ള കാര്യങ്ങൾ തിരുത്തണമെന്നും ഇത് വർഷങ്ങൾക്ക് മുമ്പുനടന്ന കാര്യമായതിനാൽ ഇവരിൽ പലരും നിലവിൽ സർവ്വീസിലുണ്ടാകാനിടയില്ലെന്നും എന്നിരുന്നാലും അവരിൽനിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ/മറ്റ് ആനുകൂല്യങ്ങൾ ഉടങ്ങിയവയിൽനിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കാമെന്ന് സുപ്രീംകോടതി വിധി വന്നിട്ടുള്ളതിനാൽ നടപടിയെടുക്കാതെ പോകുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

7. ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെയാണോ പ്രസ്തുത പ്രവൃത്തി ചെയ്തതെന്ന സമിതിയുടെ ചോദ്യത്തിന് പദകോശ നിർമ്മാണത്തിന് ഗവേണിംഗ് ബോഡിയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും എന്നാൽ പ്രതിഫലം നൽകുന്നതിനുള്ള അംഗീകാരം വാങ്ങിയിട്ടില്ലെന്നും സംസ്ഥാന ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

8. ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ വൈദഗ്ധ്യവും പ്രാവീണ്യവും കണക്കിലെടുത്ത് പ്രസ്തുത ജോലിക്കായി അവിടുത്തെ ജീവനക്കാരെ തെരഞ്ഞെടുത്തതിനല്ല, അതോറിറ്റിയുടെ അംഗീകാരം വാങ്ങാതെ അവർക്ക് ഓണറേറിയം നൽകിയതു സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശം വന്നിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയതിന് ഇത് പ്രത്യേക പരിജ്ഞാനം ആവശ്യമുള്ള ജോലിയായതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിലെ തന്നെ വൈദഗ്ധ്യമുള്ള ജീവനക്കാരെ ഉപയോഗിച്ച് ചെയ്യുവെന്നാണ് പറയുന്നതെന്നും എന്നാൽ ഇക്കാര്യത്തിന് സർക്കാർ അംഗീകാരം വാങ്ങാതെ ചെയ്തത് ശരിയല്ലെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു

9. ഇത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാധാരണ ജോലിയാണെന്നും അത്തരം ജോലിയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവനക്കാരെക്കൊണ്ട് ജോലി സമയത്ത് ചെയ്യിപ്പിക്കുകയും ശമ്പളത്തോടൊപ്പം അധിക വേതനം നൽകുകയും ചെയ്യുമ്പോൾ അതിന് സർക്കാരിന്റെ സാധൂകരണം ആവശ്യമാണെന്നും പ്രസ്തുത പ്രോജക്റ്റിന്റെ സമയക്രമം പാലിക്കാൻ പുറത്തുനിന്നുള്ള വിദഗ്ധരെ ഉപയോഗിക്കുന്നത് പ്രായോഗികമല്ല എന്നൊരു വാചകം റിപ്പോർട്ടിൽ കാണുന്നുണ്ടെന്നും അത് അംഗീകരിക്കാൻ കഴിയുന്നതാണോയെന്ന് സർക്കാർ പരിശോധിച്ച മറുപടി നൽകിയാൽ മതിയെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയതിന് ഓണറേറിയം നൽകിയത് നിയമപ്രകാരമാണോയെന്ന് പരിശോധിച്ച് നിയമലംഘനമാണെങ്കിൽ അതിന് പരിഹാരമുണ്ടാക്കാനും പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

**(സി) സി.എസ്.ടി.ടി. ഫണ്ട് വിനിയോഗത്തിലെ അപാകതകൾ**

10. സി.എസ്.ടി.ടി. ഫണ്ട് വിനിയോഗത്തിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ, സി.എസ്.ടി.ടി. (കമ്മീഷൻ ഫോർ സയന്റിഫിക് ആൻഡ് ടെക്നിക്കൽ ടെർമിനോളജി) ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിറ്റ്

ചെയ്യുന്നതിന് വൗച്ചറുകളുടെ ഒറിജിനൽ സി.എസ്.ടി.ടി. യുടെ ഡൽഹി കേന്ദ്രത്തിലേക്ക് അയയ്ക്കുകയും പരിശോധന പൂർത്തിയാക്കി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ വൗച്ചറുകളുടെയും മറ്റും കോപ്പി സൂക്ഷിക്കാതിരുന്നതിനാൽ സംസ്ഥാന ഓഡിറ്റിംഗ് നടന്നപ്പോൾ ആയവ ഹാജരാക്കാൻ കഴിഞ്ഞിരുന്നില്ലെന്നുമുള്ള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

**(ഡി) ഗ്ലോസറികൾ സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച**

11. പ്രസിദ്ധീകരിക്കാൻ അവശേഷിക്കുന്ന രണ്ട് ഗ്ലോസറികൾ [ഇക്കണോമിക്സ്, ഫിലോസഫി (definition & dictionary)] സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച വരുത്തിയതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പന്ത്രണ്ട് ഗ്ലോസറികളിൽ പതിനൊന്ന് എണ്ണവും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇക്കണോമിക്സ് ഗ്ലോസറിയുടെ പ്രവൃത്തി മാത്രമാണ് ഇനി അവശേഷിക്കുന്നതെന്നും ഇതിന്റെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ത്രിഭാഷാ പദകോശമാണ് (ഇംഗ്ലീഷ്-ഹിന്ദി- മലയാളം) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കുന്നതെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

12. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**(ഇ) ഗ്ലോസറികളുടെ സ്റ്റോക്ക്, വിറ്റു വരവ്, വിൽപ്പന നിലവാരം**

13. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**ഓഡിറ്റ് നിഗമനങ്ങൾ**

14. ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിങ് ഫണ്ടിൽ നിന്നും ത്രിഭാഷാ പദകോശത്തിനായി നടത്തിയ ചെലവുകൾക്ക് കൃത്യമായി രേഖകൾ സൂക്ഷിച്ചിട്ടില്ല എന്ന പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇതുമായി ബന്ധപ്പെട്ട വൗച്ചറുകൾ ഓഡിറ്റിങ്ങിനായി ഡൽഹി കേന്ദ്രത്തിലേക്ക് അയയ്ക്കുകയും കോപ്പി സൂക്ഷിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇങ്ങനെ സംഭവിച്ചതെന്ന് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

15. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ അഭിപ്രായം ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതിയുടെ ഒരു ഘട്ടത്തിലും തേടിയില്ല എന്ന പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ അനുമതിയില്ലാതെ തനത് ഫണ്ടിൽ നിന്നും തുക പിൻവലിക്കുവാൻ കഴിയില്ലെന്നും പണമിടപാടുകൾ കൈകാര്യം ചെയ്തിരുന്നത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബോധിപ്പിച്ചു.

16. സി.എസ്.ടി.ടി. യിൽ നിന്നുമുള്ള വരവ്-ചെലവ് കണക്കുകൾ പ്രത്യേകം അക്കൗണ്ട് ചെയ്തിട്ടില്ല എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശം വന്നശേഷം വരവ് ചെലവ് കണക്കുകൾ പ്രത്യേകം അക്കൗണ്ട് ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

17. സ്പെസിഫിക് പർപ്പസ് ഗ്രാന്റ് സംബന്ധിച്ച വിഷയമാണ് ഇവിടെയുള്ളതെന്നും കണക്കുകൾ വേർതിരിച്ച് അറിയുന്നതിന് സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾക്ക് പ്രത്യേക അക്കൗണ്ട് ആവശ്യമാണെന്നും പ്രോജക്ടുകൾ എത്രത്തോളം പ്രായോഗികമായിട്ടാണ് നടപ്പാക്കുന്നത് മുതലായ കാര്യങ്ങൾ അക്കൗണ്ടുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നും അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ആവശ്യമായ വിവരങ്ങളുടെ അഭാവം ഉണ്ടായിട്ടുണ്ടെന്നും പ്രോജക്ട് നടപ്പാക്കുന്നതിന് ഫണ്ട് വിനിയോഗിക്കുകയും യഥാർത്ഥ ഫലം ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അതേപ്പറ്റി പരിശോധിക്കുന്നത് നല്ലതായിരിക്കുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തി.

18. ഓരോ പ്രോജക്ടും ചെയ്യുമ്പോഴും അതിന്റേതായ പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണെന്നും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രോജക്ടുകൾ പ്രായോഗികമായി ചെയ്യാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ആവശ്യമാണെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

19. പ്രസ്തുത ഓഡിറ്റ് പരാമർശം വന്നതിനുശേഷം ഓരോ പ്രോജക്ടിനും പ്രത്യേകമായി അക്കൗണ്ടിംഗ് സംവിധാനം ഉണ്ടെന്നും മുമ്പ് പ്രത്യേകമായി അക്കൗണ്ട്സ് തയ്യാറാക്കാതെ തനത് ഫണ്ടിൽ `നിന്ന് ചെലവഴിക്കുകയും പിന്നീട് ആവശ്യമായ രേഖകൾ സമർപ്പിക്കുമ്പോൾ ഫണ്ട് ലഭിക്കുകയുമാണ് ചെയ്തിരുന്നതെന്നും ഡിക്ഷ്ണറിയുടെ നിർമ്മാണ ചെലവുമായി ബന്ധപ്പെട്ട് പ്രത്യേകം

കണക്ക് സൂക്ഷിച്ചിരുന്നുവെന്നും സി.എസ്.ടി.ടി.ക്ക് അത് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്നും എന്നാൽ വൗച്ചറുകളുടെ കോപ്പി സൂക്ഷിക്കാതിരുന്നതിനാൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്നുള്ളത് വീഴ്ചയാണെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബോധിപ്പിച്ചു.

20. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**3. ഓഡിറ്റ് ശിപാർശകൾ**

21. പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**22. ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാണാപത്രത്തിലെ നിബന്ധനകളും അവയുടെ ലംഘനവും സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**23. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓണറേറിയം നൽകിയത് നിയമപ്രകാരമാണോയെന്ന് പരിശോധിക്കണമെന്നും നിയമലംഘനമുണ്ടായിട്ടുണ്ടെങ്കിൽ തുക തിരിച്ചുപിടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**24. സി.എസ്.ടി.ടി. ഫണ്ട് വിനിയോഗത്തില അപകാതകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**25. ഗ്ലോസറികൾ സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പന്ത്രണ്ട് ഗ്ലോസറികളിൽ പതിനൊന്ന് എണ്ണവും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇക്കണോമിക്സ് ഗ്ലോസറിയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**26. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഗ്ലോസറികളുടെ സ്റ്റോക്ക്, വിറ്റുവരവ്, വിൽപ്പന നിലവാരം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**27. ഓഡിറ്റ് നിഗമനങ്ങൾ എല്ലാം നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**28. ഓഡിറ്റ് ശിപാർശകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

വിദേശ പുസ്തകങ്ങളുടെ പരിഭാഷകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചില്ല - ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന് 54,742/- രൂപ നഷ്ടം

(2009-10 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 8)

ഇംഗ്ലീഷ് ഭാഷയിലുള്ള മൂന്ന് വിദേശ പുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ 2009-ൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രസാധകരും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. (ഫയൽ നം.പി/3179(2)/2008/സിൽ). പ്രസിദ്ധീകരണാവകാശം നേടിയെടുക്കാൻ 54,742/- രൂപ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസാധകർക്ക് നൽകി. എന്നാൽ ധാരണാപത്രത്തിലെ സമയപരിധിക്കുള്ളിൽ മലയാളം പരിഭാഷകൾ പ്രസിദ്ധീകരിക്കാത്തതിനാൽ പ്രസിദ്ധീകരണാവകാശവും അടച്ച പണവും ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) Jeffery D Sachs രചിച്ച് ലണ്ടനിലെ Wylie Agency പ്രസിദ്ധീകരിച്ച "End of Poverty: Economic possibilities for our Time", "Common Wealth; Economics for a Crowded Planet" എന്നീ രണ്ടു പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള 23.07.2009-ലെ ധാരണാ പത്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ട്

ഡയറക്ടർ ഒപ്പ വച്ചത് 03.10.2009-നാണ്. പുസ്തകങ്ങളുടെ പ്രസിദ്ധീകരണ അവകാശത്തിനായി 38,181/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ചെലവ് ചെയ്തു.

ധാരണാ പത്രത്തിലെ 5-ാം വ്യവസ്ഥയിൽ കരാർ ഒപ്പ വച്ച് 18 മാസത്തിനുള്ളിൽ പുസ്തകം പ്രസിദ്ധീകരിക്കണമെന്നും, ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാർ റദ്ദാക്കപ്പെടുമെന്നും, അടച്ച പണം നഷ്ടമാവുമെന്നും വീക്ഷിച്ചിട്ടുണ്ട്. ധാരണാപത്രം ഒപ്പ് വച്ച് മൂന്ന് വർഷമായിട്ടും പുസ്തകങ്ങളുടെ തർജ്ജമ പ്രസിദ്ധീകരിക്കാത്തതിനാൽ മേൽ പുസ്തകങ്ങളുടെ പ്രസിദ്ധീകരണാവകാശവും ചെലവായ 38,181/- രൂപയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമായിരിക്കുകയാണ്.

(ii) Slavoj Zizek രചിച്ച "The Sublime object of Ideology" എന്ന പുസ്തകത്തിന്റെ പ്രസാധകരായ ലണ്ടനിലെ VERSO എന്ന സ്ഥാപനവുമായി പുസ്തകത്തിന്റെ മലയാളം തർജ്ജമ പ്രസിദ്ധീകരിക്കുവാനുള്ള ധാരണാ പത്രത്തിൽ 27.10.2009-ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒപ്പുവച്ചു. പ്രസിദ്ധീകരണാവകാശത്തിനായി 16,561/- രൂപയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ചെലവായത്.

VERSO യും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ഒപ്പുവച്ച കരാറിലെ 8-ാം നിബന്ധന പ്രകാരം ധാരണാപത്രം ഒപ്പ വച്ച് 12 മാസത്തിനുള്ളിൽ പുസ്തകം പ്രസിദ്ധീകരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാർ റദ്ദാവുമെന്നും അടച്ച തുക നഷ്ടമാകുമെന്നും നിബന്ധന 16(എ) യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഈ പുസ്തകവും പ്രസിദ്ധീകരിക്കാൻ നാളിതുവരെയായി ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ലാത്തതിനാൽ പ്രസിദ്ധീകരണാവകാശവും ചെലവാക്കിയ 16,561/- രൂപയും നഷ്ടമായിരിക്കുകയാണ്.

മേൽ പുസ്തകങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രസിദ്ധീകരിക്കാത്തതിനാൽ 54,742 (38181 + 16561) രൂപയുടെ നഷ്ടം ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നുമുണ്ടായിട്ടുണ്ട്. കരാർ വ്യവസ്ഥ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഡയറക്ടറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം 2012-13 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്ന വിവരം സിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 16.04.2013-ലെ എൽ.എഫ്.സിൽ/എ 2/180/2013 നം. കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരെ അറിയിച്ചിരുന്നു. ആയതിന് സിൽ ഡയറക്ടർ 29.04.2013-ലെ എ 1/948/13/സിൽ നം. കത്ത് പ്രകാരം നൽകിയ മറുപടിയിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ഡോ.പി.കെ.പോക്കർ,

സരോവരം, നല്ലളം, കോഴിക്കോട്

(പ്രൊഫസർ, ഫിലോസഫി വകുപ്പ്, കോഴിക്കോട് സർവകലാശാല)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. വിദേശ പുസ്തകങ്ങളുടെ പരിഭാഷകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാത്തതിനാൽ ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന് ധനനഷ്ടമുണ്ടായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്ന് പുസ്തകങ്ങളിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ടെന്നും ഒരു പുസ്തകത്തിന്റെ ജോലി അധികം വൈകാതെ തന്നെ പൂർത്തീകരിക്കാമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ടെന്നും മൂന്നുമാസത്തിനുള്ളിൽ എല്ലാ പുസ്തകങ്ങളും പ്രസിദ്ധീകരിക്കാനാകുമെന്നും വൈജ്ഞാനിക ശാഖകളിലെ പുതിയ വികാസങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പരിഭാഷ തയ്യാറാക്കുമ്പോൾ സാങ്കേതിക പദാവലികൾക്ക് സമമായ വാക്കുകൾ മലയാളത്തിൽ കണ്ടെത്തുക

എന്നത് വിഷമകരമാണെന്നും അത്തരം വൈജ്ഞാനിക ശാഖകളിൽ അവഗാഹം ഉള്ളവർക്ക് മാത്രമേ യോജിച്ച രീതിയിൽ പരിഭാഷപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും അങ്ങനെയുള്ള പരിഭാഷകരെ കണ്ടെത്താനുണ്ടായ കാലതാമസം മൂലമാണ് പുസ്തകങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ കഴിയാതിരുന്നതെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

30. ഇത്തരം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തമായ ആസൂത്രണം ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, പുസ്തകങ്ങളുടെ വിൽപ്പന നല്ല രീതിയിൽ നടക്കുന്നുണ്ടോ എന്ന് ആരാഞ്ഞതിന്, മേളകൾ, ലൈബ്രറി കൗൺസിൽ എന്നിവ വഴിയാണ് പുസ്തകങ്ങളുടെ വില്പന നടത്തുന്നതെന്നും നല്ല രീതിയിൽ വിൽപ്പന നടക്കുന്നുണ്ടെങ്കിലും സ്റ്റോക്ക് കുറച്ചധികമുണ്ടെന്നും സ്കൂൾ കോളേജ് ലൈബ്രറികളിലേക്ക് ഒരു നിശ്ചിത ശതമാനം പുസ്തകങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വാങ്ങണം എന്ന നിർദ്ദേശം ഉണ്ടായാൽ സഹായകരമായിരിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിൽ കൂടിക്കാഴ്ച നടത്തുന്നുണ്ടെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

31. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**32. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## വിനോദസഞ്ചാര വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും വിനോദസഞ്ചാര വാരാഘോഷവും**

**അവലോകന റിപ്പോർട്ട്**

**പൈതൽമല ടൂറിസം കോംപ്ലക്സും ധർമ്മടം ബീച്ച് ഫെസിലിറ്റി സെന്ററും**

1955 ലെ 12-ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ചാണ് 14 ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. അതാത് ജില്ലാ കളക്ടർമാരാണ് കൗൺസിലുകളുടെ ചെയർമാൻമാർ. 12.07.2002 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3724/2002/ധന, 17.06.2010 ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 338/2010/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്.

കണ്ണൂർ ഡി.റ്റി.പി.സി.യുടെ പൈതൽമല ടൂറിസം കോംപ്ലക്സ്, ധർമ്മടം ബീച്ച് ഫെസിലിറ്റി സെന്റർ എന്നീ പദ്ധതികളെ കുറിച്ച് നടത്തിയ പ്രവർത്തനാവലോകനത്തിലെ പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

### 1. പൈതൽമല ടൂറിസം പദ്ധതി

കണ്ണൂർ ജില്ലയിലെ പൈതൽമല ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂറിസം വകുപ്പ് 1999-ൽ 6,25,474/- രൂപ ചെലവഴിച്ച് പൊട്ടംപ്ലാവ് എന്ന സ്ഥലത്ത് ഒരു ബേസ് സെന്റർ നിർമ്മിക്കുകയുണ്ടായി. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ശരിയാംവിധം മാർക്കറ്റ് ചെയ്യാൻ കഴിയാത്തതിനാൽ ബേസ് സെന്ററിന്റെ നടത്തിപ്പ് വനം വകുപ്പിന് കൈമാറി. എന്നിട്ടും പുരോഗതിയൊന്നുമുണ്ടായില്ല എന്നു മാത്രമല്ല കെട്ടിടത്തിന്റെ വൈദ്യുതി ബന്ധം വരെ വിച്ഛേദിക്കപ്പെടുകയും കെട്ടിടം ജീർണ്ണാവസ്ഥയിലാവുകയും ചെയ്തു.

2011 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത പൈതൽമല ടൂറിസം കോംപ്ലക്സിന്റെ നിർമ്മാണത്തിനായി വിനോദ സഞ്ചാര വകുപ്പ് 1.54 കോടി രൂപയാണ് ചെലവഴിച്ചത്. ഒരു ഓഫീസ് കോംപ്ലക്സ്, രണ്ട് കോട്ടേജുകൾ എന്നിവയാണ് അന്ന് നിർമ്മിച്ചത്. പദ്ധതിയിലേയ്ക്കുള്ള റോഡുവികസനത്തിനായി ടൂറിസം വകുപ്പ് 71 ലക്ഷം രൂപയും ചെലവഴിച്ചു. വൈദ്യുതിയ്ക്കായി 31.5 ലക്ഷം രൂപ കെ.എസ്. ഇ.ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾക്ക് വൈദ്യുതി, ജലലഭ്യത എന്നിവ ഇതുവരെയും ഉറപ്പാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ സംരക്ഷണവകയിൽ 10 ലക്ഷം രൂപ

ചെലവഴിച്ചിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകി വരുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ പരിപാലനം ശോച്യാവസ്ഥയിലാണ്. സീലിംഗുകൾ, വാതിലുകൾ, ജനലുകൾ, ഗേറ്റ്, കൈവരി എന്നിവ ജീർണ്ണാവസ്ഥയിലാണ്. വേക്കൻസി റെമിഷന് യഥാസമയം അപേക്ഷ നൽകാത്തതുകാരണം വസ്തു നികുതിയിനത്തിൽ 14,675/- രൂപയും ഒടുക്കു വരുത്താനിടയായി.

ടൂറിസം കോംപ്ലക്സ് ഇതുവരെയും തുറന്ന് പ്രവർത്തിക്കാത്തതിനാലും ധാരാളം വിനോദ സഞ്ചാരികൾ എത്തുന്ന പദ്ധതി പ്രദേശത്ത് എൻട്രി ഫീ, പാർക്കിംഗ് ഫീ എന്നിവ ഏർപ്പെടുത്താത്തതിനാലും വരുമാനത്തിൽ ലക്ഷങ്ങളുടെ നഷ്ടമാണുണ്ടായത്. പൊതുഖജനാവിൽ നിന്നും കോടികൾ ചെലവഴിച്ച് നിർമ്മിച്ച പദ്ധതി ഇപ്പോഴും പ്രയോജനരഹിതമാണ്.

## 2. ധർമ്മടം ടൂറിസം പദ്ധതി

കണ്ണൂർ ജില്ലയിൽ തലശ്ശേരിക്കടുത്ത് ധർമ്മടം ഗ്രാമപഞ്ചായത്തിൽ പത്തേക്കറോളം വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്ന അതിമനോഹരമായ ബീച്ചും 1000 മീറ്റർ അകലെ മാറി അറബിക്കടലിലുള്ള കേരവൃക്ഷ സമൃദ്ധമായ 6 ഏക്കർ വിസ്തൃതിയിലുള്ള ഒരു ചെറുദ്വീപും ഉൾപ്പെട്ടതാണ് വിനോദസഞ്ചാര വകുപ്പിന്റെ ഈ പദ്ധതി. സുനാമി പുനരധിവാസ ഫണ്ടിൽ നിന്നുള്ള 1,48,39,797/- രൂപ ഉപയോഗിച്ച് പണി പൂർത്തീകരിച്ചതാണ് പ്രസ്തുത പദ്ധതി. 05.02.2011 ൽ ഉത്ഘാടനം ചെയ്യപ്പെട്ട ഈ പദ്ധതിയുടെ ഭാഗമായി ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം, ബീച്ച് സെന്റർ, കഫ്റ്റീരിയ, ടോയ്‌ലെറ്റ് ബ്ലോക്ക്, വാക്ക് വേ എന്നിവ മനോഹരമായി രൂപകൽപ്പന ചെയ്തിട്ടുണ്ട്.

എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമായിരുന്നിട്ടും ആവശ്യമായ ഇലക്ട്രിക് ഫിറ്റിംഗുകളോ ജലലഭ്യതയോ ഉറപ്പു വരുത്താത്തതിനാൽ പദ്ധതി നാളിതുവരെ പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട പൈതൽമല ടൂറിസം പദ്ധതിക്ക് ഇലക്ട്രിക് - പ്ലംബിംഗ് ഫിറ്റിംഗുകൾ വാങ്ങി നൽകിയിട്ടും ധർമ്മടം പദ്ധതിക്കുവേണ്ടി ആവശ്യമായ ഇലക്ട്രിക് - പ്ലംബിംഗ് ഫിറ്റിംഗുകൾ ലഭ്യമാക്കാൻ ഡി.റ്റി.പി.സി.ക്ക് കഴിഞ്ഞിട്ടില്ല. ധർമ്മടം ഐലന്റിലേക്ക്

ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സാധ്യതാ പഠനത്തിനായി 98,500/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച അവസ്ഥയിലാണ്. ദിനംപ്രതി 500-ഓളം വിനോദ സഞ്ചാരികൾ എത്തുന്ന ഈ സ്ഥലത്ത് പ്രവേശന ഫീസോ, പാർക്കിംഗ് ഫീസോ ഏർപ്പെടുത്തി വരുമാനം നേടിയെടുക്കാൻ അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. പൊതുഖജനാവിൽ നിന്നും കോടികൾ മുടക്കിയ പദ്ധതി പ്രയോജനമില്ലാത്ത സ്ഥിതിയിലാണ്.

കോടിക്കണക്കിന് രൂപ ചെലവഴിച്ച മേൽ പദ്ധതികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി വിനോദ സഞ്ചാരികൾക്ക് തുറന്നു കൊടുക്കേണ്ടതാണ്. പാർക്കിംഗ് ഫീ, എൻട്രി ഫീ എന്നിവ ഏർപ്പെടുത്തി ഡി.റ്റി.പി.സി.ക്ക് വരുമാനം നേടേണ്ടതും പദ്ധതി പ്രദേശങ്ങൾ ശരിയാംവിധം പരിപാലിക്കേണ്ടതുമാണ്

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. 1999 ലാണ് കണ്ണൂർ ജില്ലയിലെ പൈതൽമല ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചതെന്നും 2011-ൽ പദ്ധതിയുടെ നിർവഹണ ചുമതല കെ.ടി.ഡി.സി.ക്ക് നൽകാൻ തീരുമാനിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന ചുമതല കണ്ണൂർ ഡി.ടി.പി.സി.യെ ഏൽപ്പിക്കുകയാണുണ്ടായതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട കെട്ടിടത്തിന്റെ പണികൾ 2015-ൽ കരാർ അടിസ്ഥാനത്തിൽ നൽകുകയുണ്ടായെന്നും വാടക തുകയിൽ കുടിശ്ശിക വരുത്തിയതിനാൽ കേസ് നടക്കുകയും ആർബിട്രേഷൻ നടപടികൾ ആരംഭിക്കുകയും കരാറുകാരൻ 17 ലക്ഷം രൂപ ഡി.ടി.പി.സി.ക്ക് അടയ്ക്കണമെന്ന് 2022 ജൂൺ മാസം കോടതി ഉത്തരവ് ഉണ്ടാവുകയും ചെയ്തുവെന്നും ഏഴ് ലക്ഷം രൂപ നേരിട്ട് അടയ്ക്കാമെന്നും 10 ലക്ഷം രൂപ തവണകളായി അടയ്ക്കാനുള്ള സൗകര്യം ഒരുക്കിനൽകണമെന്നും കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം ഡി.ടി.പി.സി.യുടെ ചെയർമാനായ കളക്ടർ കമ്മിറ്റി കൂടി വാടക കുടിശിക മാസത്തവണകളായി അടയ്ക്കാൻ

അനുവദിക്കുന്നതിന് നിയമതടസ്സമില്ലെന്ന് തീരുമാനമെടുക്കുകയുണ്ടായിയെന്നും നിലവിൽ പ്രസ്തുത പ്രോജക്റ്റിന് വേണ്ടി 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി SILK-നാണ് നൽകിയിട്ടുള്ളതെന്നും അവർ 4.25 ശതമാനം സെന്റേജ് ചാർജ് വാങ്ങിയാണ് പ്രവൃത്തി ചെയ്യുന്നതെന്നും പദ്ധതി പുരോഗമിച്ച് വരുന്നുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

34. യോഗ്യതയില്ലാത്തതും സമയബന്ധിതമായി കാര്യനിർവ്വഹണം നടത്താൻ കഴിയാത്തതുമായ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണ ചുമതലയും സെന്റേജ് ചാർജും നൽകിയ ടൂറിസം സെന്ററുകളിൽ പലതും നിലവിലും പൂർത്തിയാകാതെ കിടക്കുന്നുണ്ടെന്നും ധാരാളം പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിക്കപ്പെട്ട സാഹചര്യമുണ്ടായിട്ടുള്ളതിനാൽ വിശ്വാസ്യതയുള്ള അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കണമെന്നും അവരുടെ പഴയകാല പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധിക്കുന്നത് നല്ലതായിരിക്കുമെന്നും സമിതി നിരീക്ഷിച്ചു. എഞ്ചിനീയറോ ഭരണകർത്താക്കളോ ഇല്ലാത്ത ഒരു സ്ഥാപനത്തിന് സെന്റേജ് ചാർജ് കൊടുത്താൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ എങ്ങനെയാണ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതെന്നും വീഴ്ച വരുത്തിയ ഏജൻസികൾക്ക് വീണ്ടും പ്രോജക്ട് നിർവ്വഹണ ചുമതല നൽകുന്നത് ശരിയായ രീതിയാണോ എന്നുമുള്ള സമിതി ചോദ്യത്തിന് ഇക്കാര്യത്തിൽ സർക്കാർ ശക്തമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും പദ്ധതികൾ നിർവ്വഹണ പ്രാപ്തിയുള്ള ഏജൻസികൾക്ക് മാത്രം നൽകാൻ കഴിയുന്നൊരു സിസ്റ്റത്തിലേക്ക് മാറുന്നതിന് മുടങ്ങിക്കിടക്കുന്ന മുഴുവൻ പദ്ധതികളും കണ്ടെത്തി അർഹരായ ഏജൻസികൾക്ക് നൽകുന്ന തരത്തിലുള്ള സംവിധാനത്തിലേക്ക് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും വീഴ്ച വരുത്തുന്ന ഏജൻസികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും പല പ്രോജക്ടുകൾക്കും ഫണ്ടും ഭരണാനുമതിയും അനുവദിച്ചുകഴിയുമ്പോഴായിരിക്കും നിർദ്ദിഷ്ട സ്ഥലം മറ്റൊരു വകുപ്പിന്റെയോ അല്ലെങ്കിൽ സ്വകാര്യ വ്യക്തിയുടെയോ ആണെന്ന് കണ്ടെത്തുന്നതെന്നും കോടിക്കണക്കിന് രൂപയുടെ നഷ്ടം ഇത്തരത്തിൽ